# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P6/1848/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 02/12/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P6/1848/22 തീയ്യതി: 02/12/2022

## കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 06-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-08-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്പിളി എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 22-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2022 | 30-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.ഷീജ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാജൻ.വി.ഡി, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റജിന എ.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജെസ്സി റോയി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. രാജേഷ് കുമാർ ആർ | സെക്രട്ടറി | 01-04-2021 | 23-03-2022 |
| ശ്രീമതി വീണ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഉഷാറാണി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| ശ്രീമതി.വിനീത ബേബിജേക്കബ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| ശ്രീമതി.ബീന.ജി.ആർ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ഡോ.മാലിനി.കെ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശശികല.എസ്.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ദിവ്യ.എസ്.എൽ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. എം. പ്രദീപ് കുമാർ | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി ആരതികൃഷ്ണൻ ജി. ആർ. | വി.ഇ.ഒ. | 01-04-2021 | 28-09-2021 |
| ശ്രീ.മനോജ്കുമാർ.എം | വി.ഇ.ഒ. | 29-09-2021 | 31-03-2022 |
| ശ്രീമതി ജയ എം എ | MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. മിനികുമാരി പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. വിപിൻ എ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ശ്രീ. സൈജു ഒ ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുനിത.ബി | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് | 01-04-2021 | 27-04-2021 |
| ശ്രീമതി വീണ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 28-04-2021 | 31-03-2022 |
| ശ്രീമതി.സോഫി ജി എസ് ഭദ്രൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | സാമൂഹ്യ സുരക്ഷ പെ**ൻ**ഷ**ൻ** സസ്പെന്റ് ചെയ്യുന്നതിന് ഫയ**ൽ** തയ്യാറാക്കുന്നില്ല.- അന**ർ**ഹമായ പെ**ൻ**ഷ**ൻ** വിതരണത്തിന് സാധ്യത | 1-7.1 |
| 10 | പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല - സർക്കാരിന് അധിക ബാധ്യത | 1-7.2 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | വിനിയോഗരേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-11 |
| 15 | കന്നുകുട്ടി പരിപാലനം - വിനിയോഗരേഖ ഹാജരാക്കിയില്ല | 1-12 |
| 16 | വാടക കുടിശിക ഈടാക്കിയിട്ടില്ല | 1-13 |
| 17 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-14 |
| 18 | സാക്ഷരതാ തുല്യതാ പരിപാടി - രേഖകളുടെ അഭാവത്തിൽ 98,850/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-15 |
| 19 | MGNREGS - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി കുറവ് ചെയ്തു - തുക ജി.എസ്.റ്റി.വകുപ്പിൽ ഒടുക്കു വരുത്തേണ്ടതാണ്. | 1-16 |
| 20 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-17 |
| 21 | പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-18 |
| 22 | സ്മാർട്ട് ഗാർബേജ് ആപ്പ് - പദ്ധതിനിർവഹണം ഫലപ്രാപ്തിയിലെത്തിയില്ല | 1-19 |
| 23 | 'ലൈഫ് ഭവനനിർമ്മാണം' | 1-20 |
| 24 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം (എസ് സി പി) പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-21 |
| 25 | ദേശീയ തൊഴിലുറപ്പ് പദ്ധതി - കുളം നിർമ്മാണം പൂർത്തിയാക്കിയില്ല : ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-22 |
| 26 | ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കിയതിൽ കുറവ് - 1,082/-രൂപ നിരാകരിക്കുന്നു. | 1-23 |
| 27 | PHC വൈദ്യുതീകരണ പദ്ധതികൾ - നടത്തിപ്പി**ൽ** സുതാര്യതയില്ല | 1-24 |
| 28 | തുമ്പൂർമൂഴി മോഡൽ മാലിന്യ നിർമ്മാർജന പ്ലാന്റ്-നിഷ്ക്രീയാസ്തിയായി തുടരുന്നു. | 1-25 |

| | | |
|---|---|---|
| 29 | ഇ-ടെണ്ടർ ചെയ്യിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ 3,77,550/-രൂപാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-26 |
| 30 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

22-02-21 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15-3-22 തീയതിയിലെ 2/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2022 | 15-06-2022 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. സ.ഉ. സാധാ നം.2617/2022/ധന, 30.03.22 പ്രകാരമുള്ള 9,61,754/-രൂപ വികസന ഫണ്ട് (എസ്.സി.പി)യുടെ എ.സി.ആറിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ജി.ഒ.(ആർ.റ്റി) നമ്പർ.2617/2022/ധന, 31.03.22 പ്രകാരമുള്ള 3,52,554/- രൂപ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ന്റെ എ.സി.ആറിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. 2020-21 വർഷത്തിൽ പ്രോജക്ട് നമ്പർ. 170/21-22, പ്രോജക്ട് നമ്പർ. 110/21-22, എന്നീ മരാമത്ത് പ്രവൃത്തികളിൽ യഥാക്രമം 12,21,084/-രൂപ, 5,02,682/-രൂപ എന്നീ തുകകൾ പാർട്ട് ബിൽ ഇനത്തിൽ മാറിയിട്ടുണ്ട്. എന്നാൽ B-11 (B) ഷെഡ്യൂളിൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 0 ആയി രേഖപ്പെടുത്തിയിരിക്കുന്നു.
4. 2020-21 വർഷത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 9,472/- രൂപ Prior Period Income (190200401), Prior Period Expenses (290800101, 290800601) എന്നീ ഹെഡുകളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
5. ലേലം, തൊഴിൽനികുതി (ട്രേഡേഴ്സ്, ഇൻസ്റ്റിറ്റ്യൂഷൻ), വാടക, കെട്ടിടനികുതി എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
6. സ്റ്റെയിൽ ചെക്ക് ഇനത്തിൽ ചുവടെ പരാമർശിക്കുന്ന ചെക്കുകൾ ഉൾപ്പെട്ടു കാണുന്നില്ല.

ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് (30091201000001)

| ചെക്ക് നം./തീയതി | തുക (രൂപ) |
|---|---|
| 305539/06.11.2019 | 1,562/- |
| 14785/13.03.2020 | 350/- |
| 305539/06.11.2019 | 880/- |
| 32622/09.06.2020 | 750/- |

7. സി.എഫ്.സി. ബേസിക് ഗ്രാന്റിനത്തിൽ ആകെ ട്രഷറി വരവും ചെലവും 1,76,663/-രൂപയും ആണ്. എന്നാൽ RP7 പ്രകാരം ഈയിനത്തിലെ ചെലവ് 1,58,663/-രൂപയാണ്.
8. സി.എഫ്.സി. Tied ഉം Untied ഉം ബാങ്ക് വരവ് വാർഷിക ധനകാര്യ പത്രികയിൽ ഒറ്റ ഹെഡായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ നീക്ക് ബാക്കി ചെലവ് രേഖകളുമായി പൊരുത്തപ്പെടുന്നില്ല.
9. B4 ഷെഡ്യൂളിൽ സി.എഫ്.സി. ഗ്രാന്റ് 36,60,964/-രൂപയാണ് ശേഷിക്കുന്നതെങ്കിലും RP40(b)ൽ PFMS അക്കൗണ്ടിൽ ശേഷിക്കുന്നത് 27,82,814/-രൂപ മാത്രമാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,97,98,230/-രൂപ |
| വരവ് | 8,56,39,476/-രൂപ |
| ആകെ | 10,54,37,706/-രൂപ |
| ചെലവ് | 8,68,35,219/-രൂപ |
| നീക്കിയിരിപ്പ് | 1,86,02,487/-രൂപ |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,38,549/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,55,63,155/- | 1,55,63,155/- | 1,51,44,000/- | 4,19,155/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 88,57,754/- | 88,57,754/- | 78,96,000/- | 9,61,754/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 1,76,663/- | 1,76,663/- | 1,76,663/- | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 48,78,171/- | 48,78,171/- | 30,43,352/- | 18,34,819/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് & അൺടൈഡ് | 0 | 70,99,010/- | 70,99,010/- | 43,45,369/- | 27,53,641/- |
| മെയിന്റനൻസ് (റോഡ്) | 0 | 94,78,961/- | 94,78,961/- | 71,52,559/- | 23,26,402/- |
| മെയിന്റനൻസ് (നോൺ-റോഡ്) | 0 | 6509362/- | 6509362/- | 5274434/- | 1234928/- |
| റ്റി.എസ്.സി. | 7,23,950/- | - | 7,23,950/- | - | 7,23,950/- |
| MNREGS | 6,421/- | 6,25,422/- | 6,31,843/- | 6,29,546/- | 2,297/- |
| ലൈബ്രറി ഗ്രാന്റ് | 20,050/- | - | 20,050/- | - | 20,050/- |
| ശുചിത്വമിഷൻ | 15,63,585/- | - | 15,63,585/- | - | 0 |
| കുടുംബശ്രീ – ചലഞ്ച്ഫണ്ട് | 8,240/- | 11,07,923/- | 11,16,163/- | 11,07,923/- | 8,240/- |
| ഐ.സി.ഡി.എസ്. | 15,16,812/- | 6,54,501/- | 21,71,313/- | 17,58,935/- | 4,12,378/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 13,54,54,843/- | 198 | 6,37,45,543/- | - | 3 | 98.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6,421/- | 6,25,422/- | 6,31,843/- | 6,29,546/- | 2,297/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,82,48,000/- | 3,82,48,000/- | 3,82,48,000/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 38,760/- |
| കർഷകതൊഴിലാളി പെൻഷൻ | 26,80,900/- |

| | |
|---|---|
| വിധവാ പെൻഷൻ | 1,60,90,400/- |
| വാർദ്ധക്യകാല പെൻഷൻ | 2,76,60,200/- |
| വികലാംഗ പെൻഷൻ | 55,23,100/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 4,69,600/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 3,00,000/- |

1-7.1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യത

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി ഗ്രാമപഞ്ചായത്തിൽ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യം നിലവിലുണ്ട്. ഇക്കാരണത്താൽ സേവന സോഫ്റ്റ് വെയറിൽ പെൻഷനുകൾ സസ്പെന്റ് ചെയ്യുന്നതിൽ കാലവിളംബമുണ്ടാകുന്ന സ്ഥിതിയുണ്ട്. ഇതിനാൽ പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക കൈപ്പറ്റുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ, സർവ്വീസ് സഹകരണബാങ്കിൽ നിന്നും ക്രമമായ ഇടവേളകളിൽ മരണമോ മറ്റ് കാരണങ്ങളാലോ പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ടവരുടെ വിശദമായ രേഖകൾ ശേഖരിക്കുകയും അതിനനുസൃതമായി സേവന സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെന്റ് ചെയ്യുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യാത്ത നിലയിൽ സഹായധനം ദുർവിനിയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്.

ഓഡിറ്റ് അന്വേഷണം -07/26.09.2022

1-7.2 പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല - സർക്കാരിന് അധിക ബാധ്യത

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ഓഡിറ്റ് അന്വേഷണം -7/26.09.2022

| ക്രമ നം | പെൻഷണറുടെ പേര് / കൈപ്പറ്റി വരുന്ന പെൻഷൻ | അനർഹമായി കൈപ്പറ്റുന്ന പെൻഷൻ ഇനം | പെൻഷണർ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക/ കാലയളവ് |
|---|---|---|---|---|
| 1 | തങ്കമണി, കപ്പമാംവിള പടിഞ്ഞാറ്റതിൽ, മൈലോട് - പാർട്ട് ടൈം ഫാമിലി പെൻഷൻ @ ₹4,434/-രൂപ | വിധവാ പെൻഷൻ | 103380601167 | 25,700/-രൂപ (9/2017 മുതൽ 7/2019 വരെ) |
| 2 | ചെല്ലമ്മ, ചരുവിളപുത്തൻവീട് | വിധവാ പെൻഷൻ | 103380601095 | 44,000/-രൂപ |

| | | | | |
|---|---|---|---|---|
| | കട്ടച്ചൽ –<br>പാർട്ട് ടൈം ഫാമിലി<br>പെൻഷൻ @ ₹6,891/-രൂപ | | | (6/2016 മുതൽ<br>4/2019 വരെ) |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 64-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.9.22 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3,620/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട് .
പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യത പരിശോധിക്കേണ്ടതാണ്.
ആസ്തി രജിസ്റ്റർ കാലികമല്ല.റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന്റെ ഭാഗമായി പദ്ധതി തയ്യാറാക്കി 2021-22 വർഷത്തിൽ 43,000/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും (പ്രോജക്ട് നം.219/22) പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൃത്യതയുള്ളതും കാലികവുമാക്കി സൂക്ഷിക്കേണ്ടതാണ്.
05.09.2021 മുതൽ പഞ്ചായത്തിൽ ILGMS പ്രാവർത്തികമാക്കിയതിനാൽ ഫ്രണ്ട് ഓഫീസ് ഡയറി അപ്രസക്തമാകുന്നു. എന്നാൽ 01.05.2020 മുതൽ തന്നെ ഫ്രണ്ട് ഓഫീസ് ഡയറി എഴുതുന്നില്ല. ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.
കെട്ടിട നികുതി രേഖകൾ പ്രകാരം പഞ്ചായത്തിൽ ആകെയുള്ളത് 9751 കെട്ടിടങ്ങളാണ്. ഇതിൽ 5111 കെട്ടിടങ്ങൾക്ക് മാത്രമാണ് നിലവിൽ നികുതി ചുമത്തിയിട്ടുള്ളത്. (52.42%). നികുതി പുനർനിർണ്ണയത്തിന്റെയും അതുവഴി പഞ്ചായത്തിന്റെ തനത് നരുമാന വർദ്ധനവിന്റെയും സാദ്ധ്യതകൾ ഭരണസമിതി പരിശോധിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക ലക്ഷ്യമാക്കി ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കുമുള്ള ലൈസൻസ് ഫീസുകൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യതയോടെ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ടവർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. അപ്രതീക്ഷിത സാഹചര്യങ്ങളുണ്ടാകുമ്പോഴല്ലാതെ, പദ്ധതി നിർവ്വഹണഘട്ടത്തിൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ടുന്ന സാഹചര്യമുണ്ടാകുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല.പല മരാമത്ത് പ്രവൃത്തികളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തു കാണുന്നു. അർഹിക്കുന്ന ഗൗരവത്തിൽ പഠനവും ആസൂത്രണവും നടത്താതെ അശാസ്ത്രീയവും അപ്രായോഗികവുമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചശേഷം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുകയും ചെയ്യുന്നതുമൂലം ടെണ്ടർസേവിങ് ഇനത്തിലും നഷ്ടമുണ്ടാകുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. (ഉദാ: പ്രോജക്ട് നം. 150/21-22-പാണയം റോഡ് റീടാറിംഗ്, വാർഡ് 7).
മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തരിശുനിലം കൃഷിയോഗ്യമാക്കൽ എന്ന പദ്ധതിക്കുശേഷം കൃഷിയിടങ്ങളിൽ നടന്ന തുടർപ്രവർത്തനങ്ങളെപ്പറ്റി വ്യക്തതയില്ലാത്ത അവസ്ഥ നിലനിൽക്കുന്നു.ഇത് പഞ്ചായത്തിന്റെ വിവിധ പദ്ധതിനിർവ്വഹണാധികാരികളുടെ പദ്ധതിനിർവ്വഹണ പ്രവർത്തനങ്ങളുടെ ഏകോപനത്തിലെ അപാകതയായി വിലയിരുത്തുന്നു. കൂടാതെ കൃത്യമായി സ്ഥലപരിശോധന നടത്തിമാത്രം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് | |
|---|---|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | ലഭിച്ച തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 19.08.22 | 4/22 മുതൽ 6/22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.18 മുതൽ 11.09.18 വരെ | 2013-14 മുതൽ 2017-18 വരെ | 10.10.2018 |

1-11 വിനിയോഗരേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി 2021-22 സാമ്പത്തികവർഷത്തിൽ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ഫണ്ടിനം | ചെലവ് തുക (₹) | ബിൽ നമ്പർ, തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ വലിക്കൽ അധിക വിഹിതം 221/21-22 | ധനകാര്യ കമ്മീഷൻ അവാർഡ് | 1,76,663/- | 44/21-22, 30-03-22 | കെ.എസ്.ഇ.ബി യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 2 | ഐ.കെ.എം ന തുക നൽകൽ 2/19-20 | വികസനഫണ്ട് (ജനറൽ)- 90,000/- തനത് ഫണ്ട്- 10,000/- | 90,000/- | 21/21-22, 15.09.21 | ഇൻഫർമേഷൻ കേരള മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 3 | സ്ട്രീറ്റ് മെയിൻ വലിക്കൽ 16/21-22 | തനതുഫണ്ട് | 2,23,299/- | 62140030500545/ 31.03.22 | കെ.എസ്.ഇ.ബി യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| | | | ആകെ- 4,89,962/- | | |

പദ്ധതി മാർഗ്ഗരേഖയിൽ പറയും പ്രകാരം ബന്ധപ്പെട്ട ഏജൻസികളുമായി തുക മുൻകൂർ നല്കുന്നതിന് മുമ്പ് കരാർ വയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 4,89,962/-രൂപ തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം- 4,89,962/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ 10/28-09-22

1-12 കന്നുകുട്ടി പരിപാലനം - വിനിയോഗരേഖ ഹാജരാക്കിയില്ല

വെറ്റിനറി സർജൻ 2021-22 സാമ്പത്തിക വർഷത്തിൽ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം (പ്രോജക്ട് നമ്പർ 5/21-22) എന്ന പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി | കന്നുകുട്ടി പരിപാലനം (5/21-22) |
| അടങ്കൽ | 6,25,000/-രൂപ (വികസന ഫണ്ട് - ജനറൽ )<br>6,25,000/-രൂപ (സംസ്ഥാനാവിഷ്കൃതം)<br>12,50,000/-രൂപ (മറ്റുള്ളവ) |
| ചെലവ് | 6,25,000/-രൂപ (വികസന ഫണ്ട് - ജനറൽ ) |
| ബിൽ നമ്പർ | 1/21-22, 29-10-22 |

ഒരു കന്നുകുട്ടിക്ക് 6,250/-രൂപ നിരക്കിൽ 100 കന്നുകുട്ടികൾക്കുള്ള തുകയാണ് പദ്ധതിപ്രകാരം ചെലവഴിച്ചിട്ടുള്ളത്. ആയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയതിൽ 2,83,692/-രൂപ മാത്രമേ നാളിതുവരെ ചെലവഴിച്ചിട്ടുള്ളൂ. വിനിയോഗരേഖ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാക്കി തുകയായ 3,41,308/-രൂപ

തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

തടസ്സം-3,41,308/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ 11/28-09-22.

1-13 വാടക കുടിശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ വാടക രജിസ്റ്റർ അപൂർണ്ണമായാണ് രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിരിക്കുന്നത്. പഞ്ചായത്തിന്റെ അധീനതയിലുള്ള 14 കടമുറികളുടെ വിവരങ്ങളും, അവ വാടകയ്ക്കു നൽകിയതിന്റെയോ, മാസവാടകയുടെയോ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ വാടക അടവാക്കുന്ന കടമുറികളുടെ വിവരങ്ങൾ മാത്രമേ രജിസ്റ്ററിൽ പൂർണമായും രേഖപ്പെടുത്തിയിട്ടുള്ളൂ. 15/03/2022ലെ ഭരണസമിതി യോഗത്തിലെ 8 (3) നമ്പർ തീരുമാനപ്രകാരം കോവിഡ് പ്രതിസന്ധിയെ തുടർന്ന് ആറു മാസത്തെ വാടക ഇളവ് നൽകിയിട്ടുണ്ട്. കടമുറികളുടെ വാടക കുടിശികയുമായി ബന്ധപ്പെട്ട് രജിസ്റ്റർ പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | കടമുറിയുടെ നമ്പർ | വാടകക്കാരന്റെ പേര് | മാസവാടക (₹) | കുടിശ്ശിക (₹) |
|---|---|---|---|---|
| 1 | സ്റ്റാൾ നം. 1 | രാജൻ, ഡെൻസ് വില്ല | 5359 | 32,154/- (5359x6) |
| 2 | സ്റ്റാൾ നം. 3 | സുഭാഷ്,<br>റോഡുവിള പുത്തൻവീട് | ലഭ്യമല്ല | 6 മാസത്തെ വാടക കുടിശിക |
| 3 | സ്റ്റാൾ നം. 4 | ഹരീഷ്, ചിറക്കരവീട് | ലഭ്യമല്ല | 6 മാസത്തെ വാടക കുടിശിക |
| 4 | സ്റ്റാൾ നം. 9 | മാവേലിസ്റ്റോർ | ലഭ്യമല്ല | 6 മാസത്തെ വാടക കുടിശിക |
| 5 | സ്റ്റാൾ നം. 10 | സജീവ്കുമാർ, പറങ്കിമാംവിള വീട് | 2,712/- | 16,272/- (2712 X 6) |
| 6 | സ്റ്റാൾ നം. 12 | റബ്ബർ പ്രൊഡക്ഷൻ കമ്മീഷൻ<br>റബ്ബർ ബോർഡ് | ലഭ്യമല്ല | 6 മാസത്തെ വാടക കുടിശിക |
| 7 | രേഖപ്പെടുത്തിയിട്ടില്ല | സജീവ്കുമാർ, പറങ്കിമാംവിള വീട് | ലഭ്യമല്ല | 6 മാസത്തെ വാടക കുടിശിക |

ക്രമ നമ്പർ 4 മാവേലിസ്റ്റോർ 01.12.2019 മുതൽ പഞ്ചായത്തുമായി വാടക കരാറിൽ ഏർപ്പെട്ടിട്ടില്ല. വാടക രജിസ്റ്റർ, വാടക കരാർ എന്നിവ കൃത്യമായി സൂക്ഷിക്കാത്തതിന്റെയും വാടകക്കുടിശ്ശിക കൃത്യമായി ഈടാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വാടക കുടിശ്ശിക ഈടാക്കുന്നതിനും സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ യഥാസമയം അറിയിക്കേണ്ടതും കടമുറികളുടെ വാടക കുടിശ്ശിക ഒടുക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 19/01.10.22.

1-14 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | അടങ്കൽ | ചെലവു തുക | ബിൽ നം./തീയതി | തുക നൽകിയത് | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 84/21-22<br>പി.എച്ച്.സി യ്ക്ക് മരുന്നു വാങ്ങൽ | 14 ലക്ഷം രൂപ<br>(മെയി. ഫണ്ട്-റോഡിതരം) | 14 ലക്ഷം രൂപ | 08/21-22/<br>27.7.21<br>25/21-22/<br>10.03.22 | 14 ലക്ഷം രൂപ | 3,13,188/-രൂപ |
| 83/21-22<br>പാലിയേറ്റീവ് കെയർ | 11,74,116/-രൂപ<br>(വികസനഫണ്ട്-ജനറൽ)<br>40,884/-രൂപ | 11,19,768/-രൂപ<br>(വികസനഫണ്ട്-ജനറൽ)<br>31,720/-രൂപ | 10/<br>25.09.2021 | 8,04,040/-രൂപ | 87,141/-രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | (തനത്ഫണ്ട്) | (തനത്ഫണ്ട്) | | | | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് KMSCL മരുന്നുകൾ നൽകുന്നതാണെന്ന് മറുപടി അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 4,00,329/- (313188+87141) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 4,00,329/-രൂപ
ഓഡിറ്റ് എൻക്വയറി നം. 14/30.9.22

1-15 സാക്ഷരതാ തുല്യതാ പരിപാടി - രേഖകളുടെ അഭാവത്തിൽ 98,850/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്ട് നം – 42/2022, സാക്ഷരതാ പദ്ധതി.
അടങ്കൽ തുക – 1,00,000/- രൂപ (തനത് ഫണ്ട്)
ചെലവ് – 98,850/-രൂപ (ചെക്ക് നം. 301410/17.01.22)
നിർവ്വഹണാധികാരി - ഹെഡ് മിസ്ട്രസ്, GLPS

പ്രസ്തുത പദ്ധതി പ്രകാരം ഹയർസെക്കന്ററി വിഭാഗത്തിൽ 13 പേർക്കായി 2,500/-രൂപ നിരക്കിൽ 32,500/- രൂപയും ; പത്താംതരത്തിൽ 21 പേർക്കായി 1,850/- രൂപ നിരക്കിൽ 38,850/-രൂപയും;ഗുഡ് ഇംഗ്ലീഷ് കോഴ്സ് ഇനത്തിൽ 11 പേർക്കായി 2500/- രൂപ നിരക്കിൽ 27,500/-രൂപയും ചേർത്ത് ആകെ 98,850/-രൂപ സാക്ഷരതാ മിഷന്റെ അക്കൗണ്ടിൽ ഒടുക്കു വരുത്തിയതിന്റെ കൈപ്പറ്റ് രേഖകളും അപേക്ഷകളും മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. അപേക്ഷകരുടെ അംഗീകൃത പട്ടിക, അപേക്ഷകരുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, അപേക്ഷകർ കോഴ്സ് പൂർത്തീകരിച്ചതിന്റെ രേഖകൾ എന്നിവ (പകർപ്പുകൾ) കൂടി ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/26.09.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പരാമർശിത രേഖകളുടെ അഭാവത്തിൽ പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ആയതിനാൽ പദ്ധതി ചെലവ് 98,850/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക – 98,850/-രൂപ

1-16 MGNREGS - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി കുറവ് ചെയ്തു - തുക ജി.എസ്.റ്റി.വകുപ്പിൽ ഒടുക്കു വരുത്തേണ്ടതാണ്.

2017-ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/-രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതാലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ്. ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) |
|---|---|---|
| 1 | ചെങ്കുളം പറണ്ടോട് റോഡ് കോൺക്രീറ്റിംഗ്, വാർഡ് 13<br>WC – RC/325086<br>കോൺട്രാക്ടർ – സുരേഷ് കുമാർ, കിഴക്കേവിള പുത്തൻവീട്, വെളിയം<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 3,49,977/-രൂപ | 7,000/-രൂപ |
| 2 | തച്ചോണം കോഴിക്കോട് പൈങ്ങാലിൽ ഏലാ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/327218<br>കോൺട്രാക്ടർ – ബൈജു, കൈലാസം, കാറ്റാടി<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക –3,22,737/-രൂപ | 6,455/-രൂപ |
| 3 | പഴങ്ങാലംമുക്ക് ചെക്കോട് ഏലാ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/331468 | 7,189/-രൂപ |

| | | |
|---|---|---|
| | കോൺട്രാക്ടർ – ഷരീഫ്, ജെ.എസ് കൺസ്ട്രക്ഷൻസ്, ഓയൂർ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 3,59,425/-രൂപ | |
| 4 | കാഷ്യൂ ഫാക്ടറി മത്യോട് റോഡ് കോൺക്രീറ്റിംഗ്<br>WC – RC/331812<br>കോൺട്രാക്ടർ – ഷരീഫ്, ജെ.എസ് കൺസ്ട്രക്ഷൻസ്, ഓയൂർ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 2,60,915/-രൂപ | 5,218/-രൂപ |
| 5 | തിരിച്ചൻകാവ് മത്യോട് റോഡ് കോൺക്രീറ്റിംഗ്<br>WC – RC/332108<br>കോൺട്രാക്ടർ – ഷരീഫ്, ജെ.എസ് കൺസ്ട്രക്ഷൻസ്, ഓയൂർ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 3,59,527/-രൂപ | 7,191/-രൂപ |
| 6 | മുല്ലശ്ശേരി മേടയിൽ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/332109<br>കോൺട്രാക്ടർ – ഷരീഫ്, ജെ.എസ് കൺസ്ട്രക്ഷൻസ്, ഓയൂർ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 2,86,555/-രൂപ | 5,731/-രൂപ |
| 7 | കുന്നംവാരം വായനശാല റോഡ് കോൺക്രീറ്റിംഗ്<br>WC – RC/332110<br>കോൺട്രാക്ടർ – സുരേഷ് കുമാർ, കിഴക്കേവിള പുത്തൻവീട്, വെളിയം<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 3,68,442/-രൂപ | 7,369/-രൂപ |
| 8 | തെക്കുവിള റോഡ് കോൺക്രീറ്റിംഗ്<br>WC – RC/332114<br>കോൺട്രാക്ടർ – സുരേഷ് കുമാർ, കിഴക്കേവിള പുത്തൻവീട്, വെളിയം<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക –3,66,359/-രൂപ | 7,327/-രൂപ |
| 9 | ലക്ഷംവീട് മേലേ ജംഗ്ഷൻ ആറ്റുതീരം റോഡ് കോൺക്രീറ്റിംഗ്<br>WC – RC/332124<br>കോൺട്രാക്ടർ – ഷരീഫ്, ജെ.എസ് കൺസ്ട്രക്ഷൻസ്, ഓയൂർ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 3,35,928/-രൂപ | 6,719/-രൂപ |
| 10 | താഴേമൂഴി ജയന്തി കോളനി റോഡ് കോൺക്രീറ്റിംഗ്<br>WC – RC/332257<br>കോൺട്രാക്ടർ – വി പ്രസാദ്, ചരുവിള വീട്, കായില<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 3,66,638/-രൂപ | 7,333/-രൂപ |
| 11 | NSS കരയോഗമന്ദിരം എണിയൂർമഠം ചിറ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/332258<br>കോൺട്രാക്ടർ – വി പ്രസാദ്, ചരുവിള വീട്, കായില<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 3,66,023/-രൂപ | 7,320/-രൂപ |
| 12 | കൈപ്പള്ളിലഴികം റോഡ് കോൺക്രീറ്റിംഗ്<br>WC – RC/332259<br>കോൺട്രാക്ടർ – വി പ്രസാദ്, ചരുവിള വീട്, കായില<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 3,66,596/-രൂപ | 7,332/-രൂപ |
| 13 | ഇളവാംകോണം സത്യവിലാസം റോഡ് കോൺക്രീറ്റിംഗ്<br>WC – RC/332260<br>കോൺട്രാക്ടർ – വി പ്രസാദ്, ചരുവിള വീട്, കായില<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 3,66,283/-രൂപ | 7,326/-രൂപ |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടക്കുന്ന ജി.എസ്.റ്റി. തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കി ജി.എസ്.ടി. വകുപ്പിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 02/23.09.2022.

1-17 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. പേര് | ഫണ്ട് ഇനം | തുക ₹ | ബിൽ നം. തീയതി | കുറിപ്പുകൾ |
|---|---|---|---|---|
| 62/21-22 | വികസനഫണ്ട്- | 7,00,000/- | 10/11-11-2021 | പദ്ധതി നടത്തിപ്പിനായി |

| | | | | |
|---|---|---|---|---|
| PMAY<br>വിഹിതം നല്കൽ | ജനറൽ | | | സെക്രട്ടറി, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പേർക്ക് തുക അനുവദിച്ചു. |

അനുവദിച്ച തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രവും പ്രോജക്ടിന്റെ പൂർത്തീകരണ വിവരവും ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 7,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സപ്പെടുത്തിയ തുക – 7,00,000/-രൂപ
ഓഡിറ്റ് എൻക്വയറി നം. 04/22:24.09.2022.

1-18 പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾ പ്രകാരം പഠനമുറി നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്/വിവരം | പേര് (ശ്രീ /ശ്രീമതി) | ആദ്യഗഡു അനുവദിച്ച തീയതി | അനുവദിച്ച തുക ₹ |
|---|---|---|---|---|
| 1 | 179/22 പഠനമുറി നിർമ്മാണം(SO)<br>എസ് സി പി<br>ആകെ അടങ്കൽ-2,50,000/-രൂപ<br>ആകെ ചെലവ്-1,50,000/-രൂപ | അമ്പിളി കെ ബി<br>കുഴിവിള മേലതിൽ<br>ഓട്ടുമല, കാറ്റാടി<br>പൂയപ്പള്ളി | 2019-20 ൽ തുക നല്കി | 25,000/- |
| 2 | 27/22 പഠനമുറി നിർമ്മാണം<br>എസ് സി പി<br>ആകെ അടങ്കൽ-6,40,000/-രൂപ<br>ആകെ ചെലവ്-4,06,000/-രൂപ | ഉഷാമോഹൻ<br>പൊയ്കവിളവീട്<br>മരുതമൺപള്ളി | 50,000/-രൂപ<br>(15/15.11.2021)<br>50,000/-രൂപ<br>(2022-23 ൽ നല്കി) | 1,00,000/- |
| 3 | 27/22 പഠനമുറി നിർമ്മാണം.<br>എസ് സി പി<br>ആകെ അടങ്കൽ- 6,40,000/-രൂപ<br>ആകെ ചെലവ്- 4,06,000/-രൂപ | കൃഷ്ണകുമാർ<br>റോഡുവിളവീട്<br>കൊട്ടറ | 50,000/-രൂപ<br>(17/26.11.2021)<br>28,000/-രൂപ<br>(32/29.11.21) | 78,000/- |
| 4 | 27/22 പഠനമുറി നിർമ്മാണം.<br>എസ് സി പി<br>ആകെ അടങ്കൽ-6,40,000/-രൂപ<br>ആകെ ചെലവ്-4,06,000/-രൂപ | ബാബു സി<br>പൊയ്കയിൽ പുത്തൻവീട്<br>പൂയപ്പള്ളി | 50000/-രൂപ<br>(40/21.02.2022)<br>50000/-രൂപ<br>(2022-23 ൽ നല്കി) | 1,00,000/- |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പൂർത്തീകരണ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. 2021-22 കാലയളവിൽ ആകെ ചെലവഴിച്ച 1,78,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.
ഓഡിറ്റ് എൻക്വയറി.നം-8/26.9.22.

1-19 സ്മാർട്ട് ഗാർബേജ് ആപ്പ് - പദ്ധതിനിർവഹണം ഫലപ്രാപ്തിയിലെത്തിയില്ല

പദ്ധതി നമ്പർ – 225/2021-22
പദ്ധതിയുടെ പേര് –സ്മാർട്ട് ഗാർബേജ് ആപ്പ്
നിർവഹണം – വി.ഇ.ഒ.
അടങ്കൽ തുക – 2,04,900/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് – 1,95,040/-രൂപ, തനത് ഫണ്ട് – 9,860/-രൂപ)

ചെലവ് തുക – 2,04,900/-രൂപ (1,42,000/-രൂപ: Inv No SGMS/070/21-22,14-03-2022; 62,900/-രൂപ: SGMS-A/2023/21-22,16-03-2022)

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2,04,900/-രൂപയുടെ വർക്ക് ഓർഡർ 9.3.2022 ലെ എ1-268/22 നമ്പരായുള്ള നടപടി പ്രകാരം കെൽട്രോണിന് നല്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സർവ്വീസ് ചാർജ്ജ്, ക്യൂ ആർ കോഡ് തുക, ലാപ്പ്ടോപ്പ് എന്നീ സേവനങ്ങൾക്കായാണ് തുക ചെലവാക്കിയത്. എന്നാൽ നാളിതുവരെ സ്മാർട്ട് ഗാർബേജ് ആപ്പിന്റെ സേവനം പൂർണ്ണതോതിൽ 16 വാർഡുകളിലും ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല. പൈലറ്റ് വാർഡ് എന്ന നിലയ്ക്ക് പഞ്ചായത്തിലെ കൊട്ടറ വാർഡിൽ പ്രാരംഭഘട്ടമെന്ന നിലയ്ക്ക് 26-09-2022 ന് QR Code വിതരണ-പതിപ്പിക്കലിന്റെ ഉദ്ഘാടനം നടത്തി. കൂടുതൽ ആസൂത്രണപാടവത്തോടെ പദ്ധതികൾ നിർവഹണം നടത്തേണ്ടതുണ്ട്. 2021-22ൽ അനുവദിച്ചുനല്കിയ തുകയുടെ ഫലപ്രാപ്തി 2022 അവസാനപാദത്തിലും എല്ലാ വാർഡുകളിലും കൈവരിക്കാത്തത് പഞ്ചായത്ത് തല നിർവഹണത്തിലെ പാളിച്ചയാണ്. പദ്ധതി നിർവഹണം എത്രയും വേഗം നടപ്പിൽ വരുത്തുന്നതിന് ഭരണനിർവഹണ വിഭാഗങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.
ഓഡിറ്റ് അന്വേഷണം – 01/23-09-2022

## 1-20 'ലൈഫ് ഭവനനിർമ്മാണം'

'ലൈഫ് ഭവനനിർമ്മാണം' പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ചുള്ള തൽസ്ഥിതിവിവരം ചുവടെ ചേർക്കുന്നു.

*ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം (ജനറൽ)
നിർവഹണം – വി.ഇ.ഒ.
പ്രോജക്റ്റ് നമ്പർ –25/2021-22 (അടങ്കൽ തുക : 3,07,24,134/-രൂ, ചെലവ് തുക: 11,66,45,128/-രൂ)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (₹) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കൃഷ്ണൻകുട്ടി, യദുവിലാസം<br>കോഴിക്കോട് (വാർഡ്10) | 40,000/-<br>(CHEQUE 55544582/26-11-21) | പണി<br>തുടങ്ങിയിട്ടില്ല |
| 2 | ജയ്സക്കുട്ടി<br>മരങ്ങാട്ട് പുത്തൻവീട്<br>പയ്യക്കോട് | 2,00,000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 3 | വിലാസിനി, രാജഭവനം<br>പുന്നക്കോട് | 2,00,000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 4 | നസീമബീവി<br>സുനിമൻസിൽ<br>പയ്യക്കോട് | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 5 | രാജു എൽ, ജിജിഭവൻ<br>ചെങ്കുളം | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 6 | ജയകുമാരി<br>ശാരികാവിലാസം, കൊട്ടറ | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 7 | കവിത<br>മുളയ്ക്കൽതെക്കതിൽ, കാറ്റാടി | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 8 | സരസമ്മ, കുന്നവിളവീട്<br>പൂയപ്പള്ളി | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |

*ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം (എസ് സി പി)
പ്രോജക്റ്റ് നമ്പർ – 33/2021-22 (അടങ്കൽ തുക: 3,86,23,824/-രൂ, ചെലവ് തുക: 1,02,56,824/-രൂ)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (₹) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കവിതബാബു<br>ചാവരുകുന്ന്പുത്തൻവീട്<br>ജയന്തികോളനി | 40,000/-<br>(47/14-02-22) | പണി തുടങ്ങിയിട്ടില്ല |

| | | | |
|---|---|---|---|
| 2 | പൊന്നമ്മ, മനോജ്സദനം<br>പുന്നക്കോട് | 40,000/-<br>(47/14-02-22) | പണി തുടങ്ങിയിട്ടില്ല |
| 3 | ബിന്ദു ബി, തോട്ടിൻകരവീട്<br>തച്ചോണം | 40,000/-<br>(Cheque 5544585/30-03-22) | പണി തുടങ്ങിയിട്ടില്ല |
| 4 | ശ്യാമള വിജയൻ<br>ശരണ്യവിലാസം, പുന്നക്കോട് | 2,00,000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 5 | ശാന്ത വിജയൻ<br>കുന്നുവിളപടിഞ്ഞാറ്റതിൽ<br>കൊട്ടറ | 2,00,000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 6 | മനോജ്, മനോജ്മന്ദിരം<br>വെളിയം | 2,00,000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 7 | സുനിൽകുമാർ<br>സുനിൽഭവൻ, കൊട്ടറ | 2,00,000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 8 | ഗൗരി കെ, കൊടിവിളവീട്<br>മരുതമൺപള്ളി | 2,00,000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 9 | മഹേഷ്, മഹേഷ് ഭവൻ<br>മുടിയൂർക്കോണം | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 10 | രാധാമണി, ലക്ഷ്മിവിലാസം<br>ആനക്കുഴി | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 11 | വിമല, സി വി ഭവൻ<br>മരുതമൺപള്ളി | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 12 | ലീലസോമൻ, ചരുവിളപുത്തൻവീട്<br>കോഴിക്കോട് | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 13 | ലഞ്ചീഷ് കെ സി<br>ലഞ്ചീഷ് ഭവൻ, കൊട്ടറ | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 14 | സുനിത അനീഷ്<br>അനാമികഭവൻ, കൊട്ടറ | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 15 | ഭാരതി, പുത്തൻവിളവീട്<br>കുരിശിൻമൂട് | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 16 | ഷിബു, ഷീജാഭവനം<br>നെല്ലിപ്പറമ്പ് | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |

* മുൻകൂർ തുക കൈപ്പറ്റിയശേഷം ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
പദ്ധതിനിർവഹണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-21 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം (എസ് സി പി) പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

*ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം (എസ് സി പി)
നിർവഹണം – അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ – 181/2021-22 SO (അടങ്കൽ തുക: 8,95,059/-രൂ, ചെലവ് തുക: 4,45,059/-രൂ)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (₹) | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഗോപാലൻ, തഴഞ്ഞീൽവീട്, മൈലോട് | 3, 50,000/- | മേൽക്കൂര വാർത്തിട്ടുണ്ട് |
| 2 | സുനിൽ എസ്, ചരുവിള പുത്തൻവീട്, മൈലോട് | 3,00,000/- | മേൽക്കൂര വാർത്തിട്ടുണ്ട് |
| 3 | സുധർമ്മ കെ, ആദിഷ് ഭവൻ നാൽക്കവല | 3,00,000/- | മേൽക്കൂര വാർത്തിട്ടുണ്ട് |
| 4 | സുധർമ്മ ഡി, ചരുവിള പുത്തൻവീട് മരുതമൺപള്ളി | 3,00,000/- | വീട്ടുപണി പൂർത്തീകരിച്ചു. അവസാനഗഡു 50,000/- രൂ നല്കാൻ അവശേഷിക്കുന്നു. |

*മുൻകൂർ തുക കൈപ്പറ്റിയശേഷം ഇതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
പദ്ധതിനിർവഹണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 8/26.09.2022

1-22 ദേശീയ തൊഴിലുറപ്പ് പദ്ധതി - കുളം നിർമ്മാണം പൂർത്തിയാക്കിയില്ല : ചെലവ് തുക തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര് – കുളം നിർമ്മാണം (IF581754)
ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക – 47,265/-രൂപ
ചെലവഴിച്ച തുക -30,100/-രൂപ (13846/-[46x301]; 16254/-രൂ[54x301])
1. KL1613006005 06821 FTO 300039 -1,806/-രൂപ
2. 300173 -12,040/-രൂപ
3. 369303-12,040/-രൂപ
4. 369387-1,806/-രൂപ
5. 367207-2,408/-രൂപ

പദ്ധതിനിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽരേഖകളുടെ പരിശോധനയിൽ പ്രവൃത്തി നിർവഹണവുമായി ബന്ധപ്പെട്ട് 100 തൊഴിലാളികൾക്കായി ആകെ 30,100/-രൂപ ചെലവഴിച്ചിട്ടുണ്ട്. കുളം നിർമ്മാണം ഭാഗികമായി മാത്രമാണ് പൂർത്തീകരിച്ചതായി കാണുന്നത്. പ്രവൃത്തിയുടെ നിജസ്ഥിതി വിലയിരുത്തുന്നതിനുള്ള ആധികാരിക രേഖയായ എം ബുക്കിൽ യാതൊരു രേഖപ്പെടുത്തലുകളും ഇല്ല. അളവുപുസ്തകത്തിൽ സൈറ്റിലെ അളവുകൾ യഥാസമയം തന്നെ രേഖപ്പെടുത്തി ബന്ധപ്പെട്ട അസി.എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ മാത്രമേ അന്തിമബിൽ അനുവദിക്കാവൂ എന്നിരിക്കെ നിയതമായ വ്യവസ്ഥപ്രകാരം അളവുപുസ്തകം സൂക്ഷിക്കാത്തത് അംഗീകരിക്കുന്നില്ല. സൈറ്റ് ഡയറിയിൽ വിജിലൻസ് & മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. രാജു, ചരുവിള വടക്കതിൽവീട്, കാറ്റാടി എന്ന വ്യക്തിയുടെ പുരയിടത്തിൽ കാർഷികാവശ്യത്തിനായി കുളം നിർമ്മിച്ച നല്കണമെന്ന അപേക്ഷ പരിഗണിച്ചാണ് പ്രവൃത്തി ആരംഭിച്ചത്. പക്ഷേ പദ്ധതി പ്രയോജനപ്പെടാത്ത നിലയാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്. കുളം പൂർത്തീകരിച്ച് വിവരം അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിൽ കുളം നിർമ്മാണം പൂർത്തീകരിച്ച് ഉപയുക്തമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. പ്രവൃത്തിയുടെ തൽസ്ഥിതിവിവരം ഡിജിറ്റൽ തെളിവുകൾ ഉൾപ്പടെ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.





തടസ്സപ്പെടുത്തിയ തുക – 30,100/-രൂപ

ഓഡിറ്റ് അന്വേഷണം – 12/29-09-2022

1-23 ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കിയതിൽ കുറവ് - 1,082/-രൂപ നിരാകരിക്കുന്നു.

2021-22 വർഷത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന റീടാറിഗ് പ്രവർത്തിക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed Bitumen Rate അനുവദിച്ച് നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില പൂർണ്ണമായും തിരികെ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | ഉപയോഗിച്ച ബിറ്റുമിൻ ഇനം/അളവ് | ആകെ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക (₹) | ഈടാക്കിയ തുക (₹) | കരാറുകാരൻ |
|---|---|---|---|---|---|---|
| 1 | നാൽക്കവല റോഡ് റീ ടാറിങ്-വാർഡ് നം. 2 (70/21-22) അടങ്കൽ: 400000(MFR) ചെലവ്: 352979/-(Bill No. 37/22.3.22) | S65-1074kg, RS1-101kg (M Book. 50/20-21) | 8 | 2,248/-(@281/-) | 1,166/- | ശ്രീ.സന്തോഷ്.എം.കെ |

ഈടാക്കിയതിൽ കുറവുവന്ന തുക : 1,082/-രൂപ.

അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം13/29.9.22ന് 1082/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് പദ്ധതി നിർവ്വഹണാധികാരി മറുപടി ലഭ്യമാക്കി.

1,082/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 PHC വൈദ്യുതീകരണ പദ്ധതികൾ - നടത്തിപ്പിൽ സുതാര്യതയില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണാധികാരത്തിൽ PHC വൈദ്യുതീകരണത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തി.

1. പ്രോജക്ട് നമ്പർ –SO 145/21-22 (PHC വയറിംഗും Air Conditioner സ്ഥാപിക്കലും)

അടങ്കൽ തുക. 2,50,000/-രൂപ

(തനത്ഫണ്ട് 1,33,372/-രൂപ,

M F Non Road 1,16,628/-രൂപ)

ചെലവ്: 1,86,916/-രൂപ

(തനത്ഫണ്ട് 70,288/-രൂപ, വൗച്ചർ നം. 22100621/31.03.2022;

M F Non Road 1,16,628/-രൂപ ബിൽ നം. 45/30.03.2022)

2. പ്രോജക്ട് നമ്പർ 96/21-22 (PHC വയറിംഗ് ത്രീ ഫെയ്സാക്കലും റീവയറിംഗും)

അടങ്കൽ തുക. 3,00,000/-രൂപ (M F Non Road)

ചെലവ്: 2,40,809/- രൂപ (ബിൽ നം. 44/30.03.2022)

പദ്ധതിനിർവഹണം സംബന്ധമായി ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും, എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നതും, ആയത് ചെക്ക് മെഷർ ചെയ്തിരിക്കുന്നതും പാനൽ എൻജിനീയർമാർ ആണെന്ന് കാണുന്നു.

ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവ നടത്തുന്നതിന് അടിസ്ഥാന എസ്റ്റിമേറ്റ് തുകയുടെ 4% തുക കൂടി എസ്റ്റിമേറ്റിൽ വകകൊള്ളിച്ച് ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രവർത്തികളുടെ നടത്തിപ്പിനായി പാനൽ എഞ്ചിനീയർമാരിൽ നിന്നും ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ തദ്ദേശഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും, പ്രവൃത്തിയുടെ പൂർണ്ണ ഉത്തരവാദിത്വം അദ്ദേഹത്തെ ചുമതലപ്പെടുത്തുന്ന തരത്തിൽ ഒരു കരാർ ചമയ്ക്കേണ്ടതുമാണ്. (GO(Rt)No.2878/2015,LSGD, Dtd.22.09.2015). ഇവിടെ ഇത്തരത്തിൽ പാനൽ എഞ്ചിനീയർമാരുമായി കരാർ ഉണ്ടാക്കിയിട്ടില്ല.

2. ഇലക്ട്രിക്കൽ ഡ്രായിംഗ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പ്രവൃത്തികളുടെ നടപ്പു ഘട്ടങ്ങളിലോ, പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷമോ പദ്ധതി നിർവഹണ അധികാരി പ്രവൃത്തികൾ പരിശോധിച്ചതായി എവിടെയും രേഖപ്പെടുത്തലുകൾ ഇല്ല.

4. മേൽ രണ്ട് പ്രവൃത്തികളും ഒരേ കരാറുകാരൻ 14.1.22 മുതൽ 25.3.22 വരെ കാലയളവിൽ നടത്തിയിട്ടുള്ളതായി കാണുന്നു. 26.09.22ൽ ഓഡിറ്റു നടത്തിയ പ്രാദേശിക പരിശോധനയിൽ PHC യിലെ വയറിങ്ങുകൾ, ലൈറ്റുകൾ എന്നിവ പൂർണ്ണമായും, ഫാനുകൾ ഒട്ടുമിക്കവയും പുതുതായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതായികാണുന്നു. ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്റ്റ് അംഗീകാരം വാങ്ങാനും പ്രവൃത്തി നിർവ്വഹണം നടത്താനുമുണ്ടായ സാഹചര്യം വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പുനസ്ഥാപനത്തിനു മുൻപുണ്ടായിരുന്ന ഇളക്കിമാറ്റപ്പെട്ട ഉപകരണങ്ങളെപ്പറ്റിയും ഫയലിൽ വ്യക്തതയില്ല.

മേൽ അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/27.09.22) മറുപടിയായി ഇനിമേൽ അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും, വൈദ്യുതീകരണ പ്രവൃത്തികൾ പരിശോധിക്കുന്നതിനുള്ള യോഗ്യത ഇല്ലാതിരുന്നതിനാലാണ് പ്രവൃത്തികൾ പരിശോധിക്കാതിരുന്നതെന്നും, പാനൽ എഞ്ചിനീയർ തന്നെ റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കുകയായിരുന്നുവെന്നും അസി.എഞ്ചിനീയർ വിശദീകരിക്കുന്നു. ചട്ടപ്രകാരം കരാറിലേർപ്പെടാതെയും പദ്ധതി നിർവ്വഹണത്തിനു മേൽനോട്ടം വഹിക്കാതെയുമുള്ള അസി. എഞ്ചിനീയറുടെ നടപടി അംഗീകരിക്കാൻ കഴിയുന്നതല്ല. കൃത്യവിലോപം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ശ്രദ്ധയുണ്ടാകേണ്ടതാണ്.

### 1-25 തുമ്പൂർമൂഴി മോഡൽ മാലിന്യ നിർമ്മാർജന പ്ലാന്റ്-നിഷ്ക്രിയാസ്തിയായി തുടരുന്നു.

അടങ്കൽ തുക 4,00,000/-രൂപ (ധനകാര്യകമ്മീഷൻ അവാർഡ്) വകയിരുത്തി 2020-21 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയായിരുന്നു പഞ്ചായത്ത് ഓഫീസിന് മാലിന്യ സംസ്കരണ പ്ലാന്റ് – തുമ്പൂർമൂഴി മോഡൽ.

(പ്രോജക്ട് നം. : SO 173).

ചെലവ് : 2,41,970/-രൂപ (ബിൽ നം. 49/30.03.22)

നിർവ്വഹണാധികാരി : അസി.എഞ്ചിനീയർ.

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, 3 ബിന്നുകളോട്ടു കൂടിയ മാലിന്യ സംസ്കരണ പ്ലാന്റ് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിനുള്ളിൽ 25.02.22 ൽ നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നു. (എം ബുക്ക് നം. 38/21-22). എന്നാൽ 30.09.22ൽ എൽ എസ് ജി ഡി വിഭാഗം ഓവർസീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത പ്ലാന്റ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് വ്യക്തമായി.

മാലിന്യ സംസ്കരണ പ്ലാന്റ് ഇത്തരത്തിൽ ഉപയോഗശൂന്യമായി തുടരുന്നതിന്റെ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നം. 16/30.09.22) ജീവനക്കാർക്ക് പരിശീലനം ലഭിക്കാത്തതിനാലാണ് പ്ലാന്റ് വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥ നിലനില്ക്കുന്നതെന്ന് വിശദീകരിച്ചു.

നിർമ്മാണം പൂർത്തീകരിച്ച് മാസങ്ങൾക്കുശേഷവും മാലിന്യ സംസ്കരണ പ്ലാന്റ് ഇത്തരത്തിൽ നിഷ്ക്രിയാസ്തിയായി തുടരുന്നത് ന്യായീകരിക്കാൻ കഴിയുന്നതല്ല. ഇത് അടിയന്തിരമായി ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-26 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ 3,77,550/-രൂപാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

പരിശോധനയ്ക്ക് ലഭ്യമാക്കിയ പത്രിക പ്രകാരം ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ 2019-20 വർഷം മുതൽ, ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ 3,77,550/-രൂപാ വരവുണ്ട്. ടി തുക തിരികെ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് നം.(സാധാ)3186/2017 ത.സ്വ.ഭ.വ. തീയതി 02-10-2017 പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രത്യേക അക്കൗണ്ട് തുടങ്ങാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. നാളിതുവരെ ഇത്തരത്തിൽ അക്കൗണ്ട് ആരംഭിക്കാതിരുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ശേഷിക്കുന്ന തുക അടിയന്തിരമായി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. കൂടാതെ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രത്യേക അക്കൗണ്ട് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-27 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | അടങ്കൽ (₹) | ചെലവു തുക (₹) | ബിൽ നം./തീയതി | തുക നൽകിയത് (₹) | ലഭിക്കാൻ അവശേഷിക്കുന്നത് (₹) |
|---|---|---|---|---|---|
| 4/21-22 ഹോമിയോ മരുന്ന വാങ്ങൽ | 2,00,000/- (മെയി. ഫണ്ട്-റോഡിതരം) | 2,00,000/- | 04/21-22/ 06.12.21 05/21-22/ 25.02.22 | 2,00,000/- | 2,00,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മരുന്നുകൾ പ്രയോറിറ്റി ലിസ്റ്റ് അടിസ്ഥാനത്തിൽ മരുന്നുകൾ ഹോംകോയിൽ നിന്നും നൽകുന്നതാണെന്ന് മറുപടി അറിയിച്ചു. 2,00,000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതു വരെ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക : 2,00,000/- രൂപ.
ഓഡിറ്റ് എൻക്വയറി നം. : 15/30.9.22.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2021-22 | 28-9-22 | കെ.എസ്.എ.കെ.എൽ.എം.പി6/1848/22 തീയതി 05.11.2022 |

## 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 29,647/- | ലൈഫ് മിഷൻ പദ്ധതി (ജനറൽ) | 29,647/- | 0 |
| | 2021-22 | 6,86,472/- | ലൈഫ് മിഷൻ പദ്ധതി (ജനറൽ) | 6,86,472/- | 0 |
| | ” | 10,71,824/- | ലൈഫ് മിഷൻ പദ്ധതി (എസ്.സി പി) | 10,71,824/- | 0 |
| | ” | 9,14,018/- | ലൈഫ് മിഷൻ പദ്ധതി (എസ്.സി പി) | 9,14,018/- | 0 |
| | ” | 2,50,000/- | അംഗൻവാടി പോഷകാഹാരം | 2,50,000/- | |
| | ” | 1,20,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,20,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000/- | 0 |
| | ” | 1,00,000/- | അംഗൻവാടി പോഷകാഹാരം | 1,00,000/- | 0 |
| | ” | 20,56,528/- | ലൈഫ് മിഷൻ പദ്ധതി (ജനറൽ) | 20,56,528/- | 0 |
| | ” | 19,31,882/- | ലൈഫ് മിഷൻ പദ്ധതി (എസ്.സി പി) | 19,31,882/- | 0 |
| | ” | 2,62,284/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,62,284/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് | ചെക്ക് നമ്പർ 300080 | 1,17,237/- | 1,17,237/- | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നമ്പർ 62140030500545/31.03.22 | 2,23,299/- | 0 | 2,23,299/- |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ അധിക വിഹിതം | ബിൽ നമ്പർ 44/21-22, 30.03.22 | 1,76,663/- | 0 | 1,76,663/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 56,00,000/- രൂപ വരവുണ്ട്. മുൻബാക്കി 59,27,073/- രൂപയടക്കം 1,15,27,073/- രൂപയിൽ 5,85,481/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ-യിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം HUDCO | | 56,00,000/- | 58,06,289/- | 9,97,334/- | | 48,08,955/- |

.

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9,472/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 | 1(14) | 6,810/- | ബിന്ദു. കെ, പി.റ്റി.എസ്, ആയുർവേദ ഡിസ്പെൻസറി | 1210102484/07.03.22 |
| 2000-01 | 2(1) | 150/- | കെ. ശാരദ | 1210101609/04.01.22 |
| 2000-01 | 2(1) | 150/- | ലീല അന്തർജ്ജനം | 1210101610/04.01.22 |
| 2000-01 | 2(2) | 722/- | | 1210101611/04.01.22 |
| 2001-02 | 3(4) | 160/- | ഭാർഗവൻ | 1210101612/0/01/22 |
| 2001-02 | 3(4) | 160/- | ജോർജ്ജുകുട്ടി | 1210101613/0401/22 |
| 2006-07 | 3(2) | 120/- | | 1210101614/0/01/22 |
| 2017-18 | 3(2) | 600/- | | 1210101614/0/01/22 |
| 2017-18 | 3(2) | 600/- | | 1210101614/0/01/22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 90,000/- | ശ്രീ. രാജേഷ് കുമാർ, സെക്രട്ടറി |
| | 3,99,962/- | ശ്രീമതി വീണ എസ്, സെക്രട്ടറി ഇൻ ചാർജ് |

| | | |
|---|---|---|
| 1-12 | 3,41,308/- | ഡോ. മാലിനി കെ, വെറ്ററിനറി സർജൻ |
| 1-14 | 4,00,329/- | ഡോ. വിപിൻ എ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-15 | 98,850/- | ശ്രീമതി ബീന ജി ആർ, ഹെഡ്മിസ്ട്രസ് |
| 1-17 | 7,00,000/- | ശ്രീ. മനോജ്കുമാർ.എം, വി.ഇ.ഒ., പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് |
| 1-18 | 1,78,000/- | ശ്രീമതി വീണ എസ്, അസി. സെക്രട്ടറി, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് |
| 1-22 | 30,100/- | ശ്രീമതി ജയ എം എ, അക്രഡിറ്റഡ് എഞ്ചിനീയർ |
| 1-27 | 2,00,000/- | ഡോ. മിനികുമാരി പി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-7-2 : 69,700/-രൂപ

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജയ എം എ<br>അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ,<br>പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | കൗസ്തുഭം, മാമൂട് ചന്ദനത്തോപ്പ് |
| ശ്രീമതി വീണ എസ്<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി,<br>പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | നിഹാരിക, മേവറം, കൊല്ലം |
| ശ്രീ. മനോജ്കുമാർ എം, വി.ഇ.ഒ. | വി.ഇ.ഒ,<br>പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | കൊക്കോട്ട് തെക്കതിൽ<br>പുത്തൻവീട്,<br>ഓയൂർ, കൊല്ലം |
| ശ്രീ. രാജേഷ് കുമാർ ആർ<br>സെക്രട്ടറി | സെക്രട്ടറി,<br>പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | രാഘവ ഭവൻ, ഇടയാടി,<br>പൂതക്കുളം പി.ഒ, കൊല്ലം |
| ശ്രീമതി ബീന ജി ആർ,<br>ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്,<br>പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | ലക്ഷ്മി, വിലവൂർകോണം പി. ഒ,<br>കല്ലുവാതുക്കൽ |
| ഡോ. മാലിനി കെ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | മുകളുവിള പുത്തൻ വീട്,<br>ചെപ്ര പി.ഒ, കൊട്ടാരക്കര-691520 |
| ഡോ. വിപിൻ എ, മെഡിക്കൽ<br>ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.),<br>പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | നന്ദനം, ജനകീയ നഗർ 60-എ,<br>പട്ടത്താനം പി.ഒ., കൊല്ലം |
| ഡോ. മിനികുമാരി പി,<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ ഓഫീസർ ഗവ.<br>ഹോമിയോ ഡിസ്പെൻസറി,<br>ചെറുന്നിയൂർ | തെക്കേ പുത്തൻ വീട്,<br>മയ്യനാട് പി.ഒ, കൊല്ലം-691011 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(1), തീയതി, 24.03.18 | 6 |
| 1998-99 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(2), തീയതി, 24.03.18 | 5 |

| | | |
|---|---|---|
| 1999-2000 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(3) തീയതി, 24.03.18 | 3 |
| 2000-01 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(4) തീയതി, 24.03.18 | 5 |
| 2001-02 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(5) തീയതി, 24.03.18 | 4 |
| 2002-03 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(6) തീയതി, 24.03.18 | 9 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(7), തീയതി, 24.03.18 | 14 |
| 2004-05 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(8), തീയതി, 24.03.18 | 7 |
| 2005-06 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(9) തീയതി, 24.03.18 | 2 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി11/808/(1)19തീയതി, 12.06.19 | 11 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി11/808/(2)19തീയതി, 12.06.19 | 13 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി11/808/(3)19തീയതി, 12.06.19 | 9 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി11/808/(4)19തീയതി, 12.06.19 | 9 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി11/808/(5)19തീയതി, 12.06.19 | 5 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി 6/അദാലത്ത് 2011-12/459/22: 25-8-2022 | 1 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.പി 6/അദാലത്ത്2012-13/459/22: 25-8-2022 | 1 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.പി 6/അദാലത്ത്2013-14,14-15/459/22: 25-8-2022 | 14 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി 6/അദാലത്ത്2015-16/459/22: 25-8-2022 | 6 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി6-1083/2016, തീയതി, 01.01.2018 | 7 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി6/249/19 തീയതി-19-11-19 | 14 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി6/308/2020 തീയതി- 30-01-2021 | 6 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി6/1683/2021 തീയതി- 02.06.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി6/1684/2021 തീയതി- 07.07.2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.